**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2339 18.02.2016-ൽ മറുപടിക്ക്

**'കേരളത്തിലെ ക്യാൻസർ ചികിത്സ '**

**ചോദ്യം**
ശ്രീ.സാജു പോൾ

**മറുപടി**
**ശ്രീ**.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ക്യാൻസർ ചികിത്സ നടത്തുന്ന സർക്കാർ ആശുപത്രികൾ ഏതൊക്കെയെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് അർബുദരോഗ ചികിത്സക്ക് വിദഗ്ധ ചികിത്സാ സംവിധാനങ്ങൾ നിലവിലുണ്ട് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെൻറർ, തലശ്ശേരി മലബാർ ക്യാൻസർ സെന്റർ എന്നിവ അത്യന്താധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെറിഷറി ക്യാൻസർ കെയർ സെന്റർ കേന്ദ്ര സഹായത്തോടെ ആരംഭിക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു. എറണാകുളം ജില്ലാ |

| | | | |
|---|---|---|---|
| | | | ആശുപത്രിയിലും ക്യാൻസർ ചികിത്സാ സൗകര്യം ലഭ്യമാണ്. സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സഹായത്തോടുകൂടി ക്യാൻസർ ചികിത്സാ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| (സി) | റീജിയണൽ ക്യാൻസർ സെന്ററിനെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (സി) | ലോകോത്തര നിലവാരത്തിലുള്ള കാൻസർ ചികിത്സ റീജിയണൽ ക്യാൻസർ സെന്ററിൽ ലഭ്യമാണ്. |
| (ഡി) | മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ചികിത്സ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഇവിടെ അടിസ്ഥാന ആവശ്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട ോ; എങ്കിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഇ) | കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ ഒരു ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KC&RC)സ്ഥാപിക്കാൻ സർക്കാർ നയപരമായി തീരുമാനമെടുക്കുകയും അതിൻപ്രകാരം 3.2.2014 ൽ പ്രസ്തുത സെന്റർ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പ്രാഥമിക ഉത്തരവ് നൽകുകയും ചെയ്തു. അതനുസരിച്ച് 300 കിടക്കകളോടു കൂടിയ ക്യാൻസർ ആശുപത്രിയും റിസർച്ച് സെന്ററും പ്രവർത്തന സജ്ജമാകുവാൻ താമസം നേരിടുമെന്നതിനാലും അടിയന്തിരമായി ഒരു ക്യാൻസർ ആശുപത്രി വേണമെന്ന എറണാകുളത്തെ ജനതയുടെ ആവശ്യം പരിഗണിച്ചും പ്രസ്തുത പ്രൊജക്ട് തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിന്റെ കാര്യത്തിലെന്നപോലെ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ 2015 ൽ തീരുമാനിക്കുകയുണ്ടായി. 04/09/15 ലെ ജി.ഒ.(എം.എസ്) 192/2015/ആ.കു.വ പ്രകാരം ഒന്നാം ഘട്ടമായി OP ഡിപ്പാർട്ട്മെന്റും രണ്ടാം ഘട്ടത്തിൽ 150 കിടക്കകളോടു കൂടിയ ആശുപത്രിയും മൂന്നാം ഘട്ടത്തിൽ വീണ്ടും 150 കിടക്കകളോടു കൂടിയ ആശുപത്രിയും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.<br>പ്രാഥമിക ഘട്ടം എന്ന നിലയിൽ എറണാകുളം മെഡിക്കൽ കോളേജിന്റെ പേ വാർഡ് ബ്ളോക്കിനോട് ചേർന്ന സെൻട്രൽ ബ്ളോക്ക് കെട്ടിടം OP ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതിനായി കൊച്ചി ക്യാൻസർ &റിസർച്ച് സെന്ററിന്(KC&RC) വിട്ടു നൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി PWD യെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊച്ചി ക്യാൻസർ &റിസർച്ച് സെന്ററിന്റെ(KC&RC) പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക സ്പെഷ്യൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് 22.01.2016 ലെ ജി.ഒ.(ആർ.റ്റി) നം.229 / 2016/ആ.കുവ പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 27.01.2016-ലെ ജി.ഒ.(ആർ.റ്റി) |

| | | | |
|---|---|---|---|
| | | | നം. 289/2016/ആ.കു.വ പ്രകാരം ഒരു കോടി മുപ്പതിനായിരം രൂപയ്ക്ക് ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>19.01.2016 ൽ കൂടിയ കൊച്ചി ക്യാൻസർ &റിസർച്ച് സെന്റർ സൊസൈറ്റിയുടെ(KC&RC) ഭരണസമിതി യോഗം ഒ.പി.ഡിപ്പാർട്ട്മെന്റ് അടിയന്തരമായി തുടങ്ങുന്നതിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>റീജണൽ ക്യാൻസർ സെന്റർ(RCC) ആയാലും മറ്റ് മേജർ ആശുപത്രികളായാലും ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഇന്നത്തെ നിലയിൽ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമായിട്ടുള്ളത്. ആ രീതിയിൽ ഘട്ടംഘട്ടമായി കൊച്ചി ക്യാൻസർ &റിസർച്ച് സെന്ററും(KCRC) പൂർണ്ണതോതിലുള്ള ഒരു ക്യാൻസർ സെന്റർ ആയി മാറ്റുന്നതാണ് . |

**സെക്ഷൻ ഓഫീസർ**